പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4601. 04/02/2014 -ൽ മറുപടിക്ക്

**ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" വർക്കല കഹാർ<br>" കെ. ശിവദാസൻ നായർ<br>" സി.പി.മുഹമ്മദ്. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള ഡേറ്റ എൻട്രി ജോലികൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചുവോ; | എ) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലും ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാക്കുന്നതിനുള്ള ഡേറ്റ എൻട്രി ജോലികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിക്ക്, 2011-12 സാമ്പത്തിക വർഷം, കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) 1. ആധാര വിവരങ്ങൾ കമ്പ്യൂട്ടറുകളിൽ ലഭ്യമായിക്കഴിഞ്ഞാൽ ബാധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കും.<br>2. ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുവാൻ കഴിഞ്ഞാൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ സ്ഥലപരിമിതി സംബന്ധിച്ച പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ വാല്യങ്ങൾ അഗ്നിബാധയാലോ മറ്റ് ഏതെങ്കിലും കാരണത്താലോ നശിച്ചു പോയാൽ, ബന്ധപ്പെട്ട കക്ഷികൾക്ക് ആവശ്യമായ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത രേഖകൾ മുഖേന നല്കുവാൻ കഴിയുന്നതുമാണ്. |

3. ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക്, രജിസ്ട്രേഷൻ വകുപ്പിൽ, വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺ ലൈൻ പദ്ധതികളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ കോപ്പികളുടെ പകർപ്പുകൾ താമസംവിനാ കക്ഷികൾക്ക് ഓൺലൈനായി ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | കേന്ദ്രപദ്ധതിയായ NLRMP ( National Land Records Modernization Programme)-ൽ ഉൾപ്പെടുത്തിയാണ് ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ നടന്നുവരുന്നത്. |
| ഡി) | ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലും 1990 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാണ്. നിലവിൽ, 116 സബ് രജിസ്ട്രാർ ഓഫീസുകളിൽ, 1980 മുതലുള്ള വിവരങ്ങളുടെ ഡേറ്റ എൻട്രി ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 195 ഓഫീസുകളിലും ഡേറ്റ എൻട്രി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം, പട്ടം, ചാല, നേമം, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ, 1980 മുതലുള്ള ആധാരങ്ങൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.